5,000 രൂപ ധനസഹായം നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. എറണാകുളം, മലപ്പുറം, വയനാട് ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും കരനെൽക്കൃഷിക്ക് സാധ്യതയുള്ള എല്ലാ പഞ്ചായത്തുകളും കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. കേരള കാർഷിക സർവ്വകലാശാല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും പദ്ധതി നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്തൊട്ടാകെ 1029 ഹെക്ടറിൽ പദ്ധതിയുടെ നേട്ടം കൈവരിക്കാനായിട്ടുണ്ട്.

(സി) കരനെൽക്കൃഷി പദ്ധതി നടപ്പിലാക്കാനാവശ്യമായ വിത്ത് മുഖ്യമായും സംസ്ഥാന സീഡ് അതോറിറ്റി വഴിയാണ് വിതരണം നടത്തിയിട്ടുള്ളത്. കാർഷിക സർവ്വകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ എന്നിവരുടെ സഹകരണവും ഇതിലേക്കായി സംസ്ഥാന സീഡ് അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി.വൈ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 12000 ഹെക്ടറിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണം

227 (4309) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഫെഡ് വഴി കേന്ദ്ര വിഹിതം ലഭ്യമായിട്ടും സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം വേണ്ടത്ര കാര്യക്ഷമമാകാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ ഫെഡിന് ഈ സീസണിൽ ഇതുവരെ സംഭരിക്കാനായ പച്ചത്തേങ്ങ എത്ര ടൺ ; കൊപ്രയാക്കി നാഫെഡിനു നൽകാനായത് എത്ര ടൺ എന്ന് വ്യക്തമാക്കാമോ ;

(സി) കൺസ്യൂമർഫെഡ് കൂടാതെ മറ്റ് ഏതെങ്കിലും ഏജൻസി സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം നടത്തിയോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) സഹകരണ ബാങ്കുകളിൽ നിന്നും മറ്റും ലഭിക്കുമെന്ന് പ്രതീക്ഷിച്ച പണം യഥാസമയം ലഭിക്കാത്തത് സംഭരണത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ഇ) പച്ചത്തേങ്ങ കൊപ്രയാക്കുവാനുള്ള സംവിധാനം കൺസ്യൂമർ ഫെഡിന് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത് സംഭരണത്തെ പ്രതികൂലമായി ബാധിക്കില്ലേയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വരും വർഷങ്ങളിൽ സംഭരണം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാഫെഡ് വഴി പച്ചത്തേങ്ങ സംഭരണത്തിന് കേന്ദ്ര വിഹിതം ലഭ്യമാകുന്നില്ല. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നൽകുന്നത് താങ്ങുവില നൽകി നാഫെഡ് സംഭരിക്കുകയാണ് ചെയ്യുന്നത്. സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ട്.

(ബി) കൺസ്യൂമർ ഫെഡ് ഇതുവരെ - 3752.50 ടൺ
സംഭരിച്ച പച്ചത്തേങ്ങ

കൊപ്രയാക്കി നാഫെഡിന് നൽകിയത് - 673.90 ടൺ

(സി) കേരഫെഡ് മുഖേന സഹകരണ സംഘങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. മാർക്കറ്റ്ഫെഡിന്റെ ചില ഏജന്റ് സൊസൈറ്റികൾ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിച്ച് കൊപ്രയാക്കി നൽകുന്നുണ്ട്.

(ഡി) ഇത്തരം ഒരു അവസ്ഥയെപ്പറ്റി കൺസ്യൂമർഫെഡ് അറിയിച്ചിട്ടുണ്ട്.

(ഇ) വാടക അടിസ്ഥാനത്തിൽ 21 ഡ്രയർ ഈ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

തെങ്ങിന്റെ കൂമ്പ് ചീയൽ രോഗം

228 (4310) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിന്റെ കൂമ്പ് ചീയൽ രോഗം നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഇതിന് ഈ വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്നും എത്ര രൂപ കർഷകർക്ക് നൽകി എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരശ്രീ പദ്ധതി പ്രകാരം രൂപീകരിക്കുന്ന ക്ലസ്റ്ററുകളിലെ തെങ്ങുകൾക്ക് സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി കൂമ്പ് ചീയൽ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈ നടുന്ന പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി 20 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി തുടങ്ങുന്നതേയുള്ളൂ. മുൻപൊരവസരത്തിൽ 393 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly